# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം -1359** — 01.07.2015- ൽ മറുപടിക്ക്

## പാപ്പിനിശ്ശേരി -പിലാത്തറ കെ.എസ്.ടി.പി. റോഡ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. ടി.വി.രാജേഷ്** | | **ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി)** | |
| (എ) | പാപ്പിനിശ്ശേരി - പിലാത്തറ കെ.എസ്.ടി.പി. റോഡിന്റെ നിർമ്മാണ പുരോഗതി അറിയിക്കുമോ; എത്ര ശതമാനം പ്രവൃത്തി നിലവിൽ പൂർത്തിയായിട്ടുണ്ട്; രാമപുരത്ത് പുതിയ പാലം നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | പിലാത്തറ - പാപ്പിനിശ്ശേരി റോഡിന്റെ കലുങ്കുകൾ, ഇരുവശത്തുമുള്ള ഓട, സംരക്ഷണ ഭിത്തികൾ, പിലാത്തറ, താവം റെയിൽവേ ഓവർ ബ്രിഡ്ജുകൾ, റോഡ് നിർമ്മാണം എന്നീ പ്രവൃത്തികൾ നടന്നു വരുന്നു. ടി റോഡിന്റെ 26 ശതമാനം പ്രവൃത്തികൾ നിലവിൽ പൂർത്തിയായിട്ടുണ്ട്. രാമപുരത്ത് നിർമ്മിക്കുന്ന പുതിയ പാലത്തിന്റെ ഡിസൈനും, ഡ്രോയിങ്ങും കൺസൾട്ടന്റ് തയ്യാറാക്കി കരാറുകാരന് നൽകിയിട്ടുണ്ട്. |
| (ബി) | പാപ്പിനിശ്ശേരി - താവം റെയിൽവേ മേൽപ്പാലങ്ങളുടെ പ്രവൃത്തി വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | താവം, പാപ്പിനിശ്ശേരി എന്നീ മേൽപ്പാലങ്ങളുടെ പ്രവൃത്തികൾ വേഗത്തിലാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത റോഡിന്റെ നിർമ്മാണം എപ്പോൾ പൂർത്തിയാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്? | (സി) | 2016 മാർച്ചിൽ പൂർത്തീകരിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ